പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 932 **14-10-2026-ൽ മറുപടിയ്ക്ക്**

പാലാ കരിമ്പിൻകയം കുടിവെള്ള പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മാണി. സി. കാപ്പൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) പാലാ നിയോജകമണ്ഡലത്തിലെ കരിമ്പിൻകയം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ ഏതെല്ലാം പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുമെന്ന് കൂടി വ്യക്തമാക്കാമോ;

മറുപടി: കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് ഗ്രാമപഞ്ചായത്തുകളിലെ നിലവിലുള്ള ARWSS പദ്ധതിയുടെ വിപുലീകരണത്തിനായി KIIFB മുഖേന നടപ്പാക്കുന്ന പ്രധാന കുടിവെള്ള പദ്ധതിയാണ് കരിമ്പുകയം കുടിവെള്ള പദ്ധതി. ഏകദേശം 90,000 പേർക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതിക്ക് ആരംഭത്തിൽ ₹68.64 കോടി രൂപയുടെ ഭരണാനുമതി 19/11/2018-ൽ നൽകിയിരുന്നു. പദ്ധതിയുടെ ഭാഗമായി കരിമ്പുകയം 6 MLD ജലശുദ്ധീകരണശാല, ജലസംഭരണികൾ, പമ്പിംഗ് സംവിധാനങ്ങൾ, ട്രാൻസ്മിഷൻ/ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകൾ എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ വിഭാവനം ചെയ്തിരുന്നു. പദ്ധതി ആദ്യം മൂന്ന് പാക്കേജുകളായാണ് നടപ്പാക്കിയത്. നിലവിൽ പുതിയ ഒരു പാക്കേജ് കൂടി ഉൾപെടുത്തിയിട്ടുണ്ട്.

പാക്കേജ് I - ₹21.98 കോടി രൂപയുടെ സാങ്കേതികാനുമതിയാണ് പാക്കേജ് I-ന് ഉണ്ടായിരുന്നത്. കരിമ്പുകയം 6 MLD ജലശുദ്ധീകരണശാല, 6 LL OHSR, പമ്പിംഗ് മെയിനുകൾ, പമ്പ് സെറ്റുകൾ, തമ്പലക്കാട് 8.5 LL GLSR, പനച്ചെപ്പള്ളി 5 LL GLSR, പവർ എൻഹാൻസ്മെന്റ് തുടങ്ങിയ പ്രധാന പ്രവൃത്തികളാണ്. നിലവിൽ പ്രവൃത്തി ആരംഭഘട്ടത്തിലാണ്.

പാക്കേജ് II - ₹20.82 കോടി രൂപയുടെ സാങ്കേതികാനുമതിയാണ് പാക്കേജ് II-ന് ഉണ്ടായിരുന്നത്. ഗ്രാമദീപം സംപിൽ നിന്ന് തമ്പലക്കാട് GLSR വരെയും പൊൻകുന്നം OHSR വരെയും CWPM സ്ഥാപിക്കുന്നതും ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലകളിൽ 62.13 കി.മീ. നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതും റോഡ് പുനഃസ്ഥാപന പ്രവൃത്തികളും ഇതിൽ ഉൾപ്പെടുന്നു. 12.3 കി.മീ. CWPM-ൽ 4.8 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. 62.13 കി.മീ. വിതരണ ശൃംഖലയിൽ 40.9 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, ചില NH റോഡ് ഭാഗങ്ങളിൽ HDD രീതിയിൽ പൈപ്പ് സ്ഥാപിക്കണമെന്ന് PWD/NH നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലെ എസ്റ്റിമേറ്റിൽ ആവശ്യമായ HDD പ്രവൃത്തികൾ പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് പുതുക്കേണ്ടതുണ്ട്.

പാക്കേജ് III - ₹26.06 കോടി രൂപയുടെ സാങ്കേതികാനുമതിയാണ് പാക്കേജ് III-ന് ഉണ്ടായിരുന്നത്. എലിക്കുളം ഗ്രാമപഞ്ചായത്തിലെ വിതരണ ശൃംഖല, കരിമ്പുകയം OHSR-ൽ നിന്ന് ഗ്രാമദീപം സംപിലേക്ക് 350 mm DI K9 ഗ്രാവിറ്റി മെയിൻ, ഗ്രാമദീപത്ത് 2 LL സംപ്, അനുബന്ധ പവർ

എൻഹാൻസ്മെന്റ് പ്രവൃത്തികൾ എന്നിവയാണ് ഇതിൽ ഉൾപ്പെട്ടിരുന്നത്. കരാർ ഏറ്റെടുത്ത കരാറുകാരന് പല തവണ നിർദ്ദേശങ്ങളും മുന്നറിയിപ്പുകളും നൽകിയിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനാൽ 28.04.2022-ന് കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ അവസാനിപ്പിച്ചു. ഇതിനെതിരെ കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) No.15459/2022 ഫയൽചെയ്തു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയം വീണ്ടും പരിഗണിക്കുകയും, 07.11.2024-ന് ദക്ഷിണ മേഖല ചീഫ് എൻജിനീയർ നടത്തിയ ഹിയറിംഗിന് ശേഷം റിസ്ക് ആൻഡ് കോസ്റ്റിൽ കരാർ അവസാനിപ്പിച്ച നടപടി നിലനിൽക്കുന്നതായി തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 03.02.2025-ന് പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ച് ബാക്കി പ്രവൃത്തികൾ കരാറുകാരന്റെ റിസ്ക് ആൻഡ് കോസ്റ്റിൽ പുനഃക്രമീകരിക്കാൻ ദക്ഷിണ മേഖല ചീഫ് എൻജിനീയർ നിർദ്ദേശിച്ചു. ഇതിനെതിരെ കരാറുകാരൻ WP(C) No.6537/2025 ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ തുടർ നടപടികൾ കോടതി നടപടികൾക്ക് വിധേയമാണ്.

പാക്കേജ് IV - കാഞ്ഞിരപ്പള്ളി–മണിമല റോഡിൽ KRFB മുഖേന റോഡ് പ്രവൃത്തികൾ ആരംഭിക്കാനിരുന്നതിനാൽ, റോഡ് പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പായി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട അടിയന്തര സാഹചര്യം ഉണ്ടായി. ഇതിന്റെ ഭാഗമായി മണ്ണാംപ്ലാവ് മുതൽ താമരക്കുന്നം വരെയുള്ള ഭാഗത്ത് 350 mm DI K9 പൈപ്പ് ലൈൻ 320 മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി പാക്കേജ് IV ആയി പ്രത്യേകം ക്രമീകരിച്ചു. ഈ 320 മീറ്റർ പ്രവൃത്തി യഥാർത്ഥത്തിൽ പാക്കേജ് III-ൽ ഉൾപ്പെട്ടിരുന്നതാണ്. എന്നാൽ KRFB റോഡ് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട അടിയന്തര സാഹചര്യം പരിഗണിച്ച് പ്രവൃത്തി പ്രത്യേകം ഡിവിഷൻ തലത്തിൽ ടെൻഡർ ചെയ്തു. ടെൻഡറിൽ 7 ബിഡുകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തി PRICE സോഫ്റ്റ്വെയറിൽ ടെൻഡർ നടപടികൾക്കായി പ്രോസസ്സ് ചെയ്തുവരികയാണ്. നടപടികൾ പൂർത്തിയാക്കി ഉടൻ കരാർ നൽകുന്നതാണ്.

ഭരണാനുമതി (AS) പുതുക്കൽ – കരിമ്പുകയം KIIFB പദ്ധതിക്ക് ആരംഭത്തിൽ ₹68.64 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നത്. DSR 2021 നിരക്കുകൾ പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് പാക്കേജ് II-ന്റെ സാങ്കേതികാനുമതി തുക പുതുക്കേണ്ട സാഹചര്യമുണ്ടായി. അതോടൊപ്പം, പാക്കേജ് III-ലെ കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ അവസാനിപ്പിച്ച് ബാക്കി പ്രവൃത്തികൾ പുനഃക്രമീകരിക്കേണ്ട സാഹചര്യം ഉണ്ടായതിനാലും DSR 2021 നിരക്കുകൾ ബാധകമായതിനാലും പാക്കേജ് III-ന്റെ തുകയും പുതുക്കേണ്ടതുണ്ട്.പാക്കേജ് III-ൽ ഉൾപ്പെട്ടിരുന്ന 320 മീറ്റർ 350 mm DI K9 പൈപ്പ് ലൈൻ പ്രവൃത്തി KRFB റോഡ് പ്രവൃത്തിക്ക് മുമ്പായി അടിയന്തരമായി പൂർത്തീകരിക്കേണ്ട സാഹചര്യം ഉണ്ടായതിനാൽ പാക്കേജ് IV ആയി പ്രത്യേകം ക്രമീകരിച്ചിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ മാറ്റങ്ങളും പാക്കേജ് IV-ലെ പ്രവൃത്തിയും പുതിയ പാക്കേജിൽ ഉൾപ്പെടുത്തുന്ന അധിക പ്രവൃത്തികളും പരിഗണിച്ച് പദ്ധതിയുടെ ആകെ ഭരണാനുമതി തുക പുതുക്കേണ്ടതായിട്ടുണ്ട്. ഇതിനു വേണ്ട തുടർ നടപടികൾ സ്വീകരിച്ചു വരുന്നു . പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടെ പാലാ നിയോജക മണ്ഡലത്തിലെ എലിക്കുളം പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടും.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: പദ്ധതിയുടെ വിവിധ ഘടകങ്ങളിലെ പുരോഗതി നിരന്തരം വിലയിരുത്തുകയും, അവശേഷിക്കുന്ന പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ